ഭരണഭാഷ -
മാതൃഭാഷ

**നം.E168429 TRY/4198/2025-E2**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
**27-08-2025**

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം:- ട്രഷറി വകുപ്പ്-ഓണം 2025-ആഗസ്ത് മാസത്തെ അലവൻസ്/ബോണസ് ബില്ലുകളും, സെപ്റ്റംബ പാസ്സാക്കി/വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം ന

സൂചന:-
1. സ.ഉ.(അച്ചടി)നം.**107/2025**/ധന തീയതി **26/08/2025**
2. സ.ഉ.(അച്ചടി)നം.**108/2025**/ധന തീയതി **26/08/2025**

മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. **2025** ആഗസ്ത് മാസത്തെ ശമ്പള ബില്ലുകളും ഓണം അഡ്വാൻസ്/ഫെസ്റ്റിവൽ അലവൻസ്/ബോണസ് ബില്ലുകളും, സെപ്റ്റംബർ മാസത്തെ പെൻഷനും സമയബന്ധിതമായി പാസ്സാക്കി/വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സെപ്റ്റംബർ ആദ്യ മൂന്ന് പ്രവർത്തി ദിവസങ്ങളിൽ ട്രഷറികളിൽ വലിയ തോതിൽ തിരക്ക് അനുഭവപ്പെടുന്നതിന് സാധ്യതയുണ്ട്. പരാതിക്കിട നൽകാതെ ഇടപാടുകൾ സമയബന്ധിതമായി നടത്തുന്നതിലേക്കായി ചുവടെ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ള ആഗസ്ത് മാസത്തെ ശമ്പള ബില്ലുകൾ, ഓണം അഡ്വാൻസ്, ഫെസ്റ്റിവൽ അലവൻസ്, ബോണസ് മുതലായ ക്രമപ്രകാരമുള്ള മുഴുവൻ ബില്ലുകളും സമയബന്ധിതമായി തന്നെ പാസ്സാക്കി

Scanned with OKEN Scanner

നൽകേണ്ടതാണ്. ഓണം അഡ്വാൻസ് ഓണാവധിക്ക് മുൻപായി പാസ്സാക്കി നൽകിയിട്ടുണ്ടെന്ന് ട്രഷറി ഓഫീസർമാർ പ്രത്യേകം ഉറപ്പ് വരുത്തേണ്ടതാണ്.

2025 സെപ്റ്റംബർ മാസത്തെ പെൻഷൻ, ഫെസ്റ്റിവൽ അലവൻസ് എന്നിവയുടെ വിതരണവും കുറ്റമറ്റ വിധത്തിൽ നിർവ്വഹിക്കേണ്ടതാണ്.

പണിമുടക്കിൽ പങ്കെടുത്ത ജീവനക്കാരുടെ ഓഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും ഡയസ് നോൺ തുക കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. Professional Tax സംബന്ധിച്ച വിവരങ്ങളും പരിശോധിക്കേണ്ടതാണ്.

**ഓണം അഡ്വാൻസ്, ഫെസ്റ്റിവൽ അലവൻസ്, ബോണസ് ബില്ലുകൾ പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടതാണ്.**

1. റഗുലർ/പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ഓണം അഡ്വാൻസ്, ഫെസ്റ്റിവൽ അലവൻസ്, ബോണസ് ബില്ലുകൾക്ക് പ്രത്യേക നടപടിക്രമം, സാക്ഷ്യപത്രം എന്നിവ ആവശ്യമില്ല.
2. താൽക്കാലിക ജീവനക്കാരുടെ ഓണം അഡ്വാൻസ്, ഫെസ്റ്റിവൽ അലവൻസ്, ബോണസ് ബില്ലുകളിൽ നടപടിക്രമം, സാക്ഷ്യപത്രം എന്നിവ അപ്‌ലോഡ് ചെയ്തിട്ടുണ്ട് എന്നത് ഉറപ്പുവരുത്തേണ്ടതാണ്.
3. ശമ്പള ബില്ലുകൾ ഉൾപ്പെടെയുള്ള ബില്ലുകളുടെ PDF-ൽ കൗണ്ടർ സിഗ്നേച്ചർ കാണുവാൻ സാധിക്കുന്നില്ല എങ്കിലും ബില്ലുകൾ പാസാക്കി നൽകേണ്ടതാണ്.
4. ഓണം അഡ്വാൻസ്, ഫെസ്റ്റിവൽ അലവൻസ്, ബോണസ് ബില്ലുകൾ താഴെ പറയുന്ന ഡ്യൂ കോഡിൽ തന്നെയാണ് സമർപ്പിച്ചിട്ടുള്ളത് എന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്തവ വ്യക്തമായ കാരണം രേഖപ്പെടുത്തി ഒബ്ജെക്റ്റ് ചെയ്യേണ്ടതുമാണ്.

| | | |
|---|---|---|
| ഓണം അഡ്വാൻസ് | റഗുലർ ജീവനക്കാർ | due code (69) |
| ഓണം അഡ്വാൻസ് | wages | due code (172) |
| ബോണസ് | റഗുലർ ജീവനക്കാർ | due code (49) |
| ബോണസ് | Wages | due code (51) |
| ഉത്സവബത്ത | റഗുലർ ജീവനക്കാർ | due code (44) |
| ഉത്സവബത്ത | Wages | due code (173) |

ജീവനക്കാരുടെ അഭാവം നേരിടുന്ന ട്രഷറികളിൽ മേൽ ജോലിക സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേക്കായി ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ

Scanned with OKEN Scanner

നിന്നുള്ള അക്കൗണ്ടന്റുമാരെ ആവശ്യമെങ്കിൽ നിയോഗിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ച വിഷയങ്ങളിന്മേലുള്ള സംശയനിവാരണത്തിനായി ലെയ്സൺ ഓഫീസർമാരെ ബന്ധപ്പെടേണ്ടതാണ്.

വിശ്വസ്തയോടെ

Signed by
Sajan V
Date: 27-08-2025 17:00:56

**V SAJAN**

**DIRECTOR**

---

**Directorate of Treasuries, Pattom, Pattom Palace. P.O, Thiruvananthapuram, Kerala 695004**

**Website: www.treasury.kerala.gov.in, Email:treasury@kerala.gov.in**

**Ph: 0471-2323963,2322712 , FAX:0471-2324229**

Scanned with OKEN Scanner